**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** **27-07-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടിയിൽ അനുവദിച്ച മാതൃകാ ഡിഗ്രി കോളേജ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടി മണ്ഡലത്തിൽ റൂസ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട മാതൃകാ ഡിഗ്രി കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മാതൃകാ ഡിഗ്രി കോളേജിന് സർക്കാർ പത്ത് ഏക്കർ സ്ഥലം അനുവദിക്കുകയും റവന്യൂ അധികാരികൾ സ്ഥലം അളന്ന് തിരിച്ച് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കിയതിന്റെ അടിസ്ഥാന ത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് വേണ്ടി കൽപ്പറ്റ ഗവ. കോളേജ് പ്രിൻസിപ്പൽ പ്രസ്തുത 10 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് 15/07/2021-ൽ ഇതുവരെയുള്ള നടപടികൾ ക്രോഡീകരിച്ച് റൂസാ ദേശീയ കോർഡിനേറ്റർക്ക് റിപ്പോർട്ട് നൽകുകയും കേന്ദ്ര പദ്ധതി വിഹിതം അടിയന്തിരമായി അനുവദിക്കണ മെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി ഇനി സ്വീകരിക്കേണ്ടതുണ്ടോ? | (ബി) | സംസ്ഥാന സർക്കാരും റൂസാ സംസ്ഥാന പദ്ധതി കാര്യാലയവും കേന്ദ്ര നിർദേശപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തികരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ